"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

കെ.എസ്.ബി.ബി - കേരള സംസ്ഥാന ജൈവവൈവിദ്ധ്യ ബോർഡിലെ നോൺ ഒഫീഷ്യൽ മെമ്പർ ആയ ഡോ.പ്രമോദ്.ജി.കൃഷ്ണൻ ഐ.എഫ്.എസ്.-നെ നിലവിലെ സ്ഥാനത്ത് തുടരുവാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

പരിസ്ഥിതി (എ) വകുപ്പ്

സ.ഉ.(സാധാ) നം.5/2026/ENVT തീയതി,തിരുവനന്തപുരം, 14-01-2026

---

പരാമർശം:-
1. 29-11-2022 തീയതിയിലെ സ.ഉ (സാധാ).08/2024/പരി
2. 26-10-2024 തീയതിയിലെ സ.ഉ (സാധാ).03/2024/പരി
3. കേരള സംസ്ഥാന ജൈവവൈവിദ്ധ്യ മെമ്പർ സെക്രട്ടറിയുടെ തീയതിയിലെ 01.11.2025 നമ്പർ കത്ത്.

<u>ഉത്തരവ്</u>

ഡോ. പ്രമോദ് ജി. കൃഷ്ണൻ ഐ.എഫ്.എസ് - നെ കേരള സംസ്ഥാന ജൈവ വൈവിദ്ധ്യ ബോർഡിൽ കേരള ജൈവ വൈവിദ്ധ്യ ചട്ടങ്ങൾ 2008-ലെ ചട്ടം 6 പ്രകാരം, വനം വകുപ്പിൽ നിന്നുള്ള നോൺ ഒഫീഷ്യൽ മെമ്പർ (non official) ആയി ഉൾപ്പെടുത്തി സർക്കാർ പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഡോ.പ്രമോദ്.ജി.കൃഷ്ണൻ.ഐ.എഫ്.എസ്- ന് പരാമർശം (2) പ്രകാരം അനുവദിച്ചിരുന്ന കാലാവധി 28-11-2025-ന് അവസാനിക്കുന്നതിനാൽ, സംസ്ഥാന ജൈവവൈവിദ്ധ്യ ബോർഡിന്റെ പ്രവർത്തനങ്ങൾക്ക് ടിയാന്റെ സേവനം അനിവാര്യമാണെന്ന വസ്തുത കണക്കിലെടുത്ത് നിലവിലെ സ്ഥാനത്ത് തുടരാൻ അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (3) കത്ത് പ്രകാരം ബോർഡ് മെമ്പർ സെക്രട്ടറി ശിപാർശ ചെയ്തിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കേരള സംസ്ഥാന ജൈവവൈവിദ്ധ്യ ബോർഡിലെ നോൺ ഒഫീഷ്യൽ മെമ്പറായ ഡോ. പ്രമോദ് ജി. കൃഷ്ണൻ ഐ.എഫ്.എസ്.-നെ നിലവിലെ സ്ഥാനത്ത് തുടരുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

UNNIKUTTAN S S

അണ്ടർ സെക്രട്ടറി

1. മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ജൈവവൈവിദ്ധ്യ ബോർഡ്.
2. ഡോ.പ്രമോദ്.ജി.കൃഷ്ണൻ.ഐ.എഫ്.എസ്, നോൺ ഒഫീഷ്യൽ മെമ്പർ, കേരള സംസ്ഥാന ജൈവവൈവിദ്ധ്യ ബോർഡ് (മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ജൈവവൈവിദ്ധ്യ ബോർഡ്

മുഖേന).

3. വനം വകുപ്പ് മേധാവി, ഫോറെസ്റ് ഹെഡ് ക്വാർട്ടേഴ്സ്, തിരുവനന്തപുരം

4. പൊതുഭരണ (AIS-B) വകുപ്പ്

5. പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള.

6. ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂമീഡിയ) വകുപ്പ് (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).

7. കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ENVT-A1/282/2025-ENVT)

ഉത്തരവിൻ പ്രകാരം

Signed by
Royi J
Date: 16-01-2026 13:54:43

സെക്ഷൻ ഓഫീസർ